
# ക്ലാസ് –3

അധ്യായം

04




# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

BIJU KK,

"ഇന്ത്യയുടെ വാണിജ്യചരിത്രത്തിൽ ഇതുപോലൊരു ദുരിതം കാണാനില്ല. പരുത്തിനെയ്ത്തുകാരുടെ എല്ലുകൾ ഇന്ത്യൻ സമതലങ്ങളെ വെളുപ്പിക്കുന്നു."

വില്യം ബെന്റിക് പ്രഭു (1834 – 35)

GHSS TUVVUR, 9895695437
BIJU KK, HST SS, MALAPPURAM.




BIJU KK, HST
MALAPP
TUVVUR,
HSS TUVVUR,
5695437



# പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

## ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ച – കാരണങ്ങൾ

–യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതോടെ ഇന്ത്യൻ തുണിത്തരങ്ങൾക്ക് ആവശ്യം കുറഞ്ഞത്.

–റെയിൽവേയുടെ വികസനം അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനും തുണിത്തരങ്ങൾ ഗ്രാമങ്ങളിൽ പോലും എത്തിക്കാനും ബ്രിട്ടീഷുകാരെ സഹായിച്ചു.

–ഇതോടെ ഗ്രാമങ്ങളിലെ വിപണി നഷ്ടമായത്.

BIJU K.K, HST SS, GHSS TUVVUR, MALAPPURAM. 9895695437

–ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങൾക്ക് ബ്രിട്ടീഷ് ഗവണ്മെന്റ് ഉയർന്ന നികുതി ചുമത്തിയത്.

–അതോടെ ബ്രിട്ടീഷ് വിപണി ഇന്ത്യൻ തുണിത്തരങ്ങൾക്ക് നഷ്ടമായത്.

–ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും, പീഡനവും തൊഴിലാളികളെ നെയ്ത്ത് ഉപേക്ഷിക്കാൻ നിർബന്ധിതരാക്കിയത്.

–കുറഞ്ഞ വിലക്ക് ഉൽപന്നങ്ങൾ കൈമാറാന കുറഞ്ഞകൂലിക്ക് ജോലി ചെയ്യാനും ബ്രിട്ടിഷുകാർ തൊഴിലാളികളെ നിർബന്ധിപ്പിച്ചത്.

BIJU K K, HST SS, GHSS TUVVUR, MALAPPURAM. 9895695437

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യയിലെ തുണി വ്യവസായത്തിന്റെ തകർച്ചയുടെ ഫലങ്ങൾ എന്തെല്ലാം?

-നെയ്ത്ത് തൊഴിലാളികൾ മറ്റ് ജോലികൾ തേടിപ്പോയി.

-മുർഷിദാബാദ് ധാക്ക തുടങ്ങിയ തുണിത്തര നിർമാണ നഗരങ്ങൾ തകർന്നു.

-നഗരങ്ങളിൽ തുണി നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവർ ഗ്രാമങ്ങളിലെത്തി കൃഷിപ്പണിയിലേക്ക തിരഞ്ഞു.

-കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം കൂടി.

-കൃഷിഭൂമി ചെറിയ തുണ്ടുകളായി മാറി.

-ഇതോടെ കാർഷികമേഖലയിൽ ഉൽപാദനം മുരടിച്ചു.

BIJU K K, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ തകർന്ന മറ്റ് വ്യവസായങ്ങൾ




മൺപാത്ര നിർമ്മാണം-

അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി




# മരപ്പണി –

# ലോഹ നിർമിത യന്ത്രങ്ങളുടെ ഉപയോഗം




## തുകൽപ്പണി –

## അസംസ്കൃത വസ്തുവായ തുകലിന്റെ യൂറോപിലേക്കുള്ള കയറ്റുമതി

കാർഷിക മേഖലയുടെയും കരകൗശല വ്യവസായത്തിന്റെയും തകർച്ചയുടെ ഫലമെന്ത്?

-ഇന്ത്യയെ ക്ഷാമങ്ങളിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ടു.

-ക്ഷാമത്താൽ ലക്ഷക്കണക്കിനാളുകൾ മരണമടഞ്ഞു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ഇന്ത്യയിൽ ബ്രിട്ടീഷുകാർ ആരംഭിച്ച ആധുനിക വ്യവസായങ്ങൾ

-തോട്ടം വ്യവസായങ്ങൾ,

-തുണി,

-ചണം,

-ഇരുമ്പുരുക്ക്,

-പേപ്പർ.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

## ബ്രിട്ടീഷ് ആധിപത്യകാലത്തെ തൊഴിലാളിജീവിതം



“വയറു നിറയെ ആഹാരമില്ലാതെ, വെളിച്ചമോ ശുദ്ധവായുവോ വെള്ളമോ ഇല്ലാത്ത ചെറ്റപ്പുരകളിൽ മൃഗതുല്യരായി നരകിക്കുന്ന ഇന്ത്യൻ വ്യവസായത്തൊഴിലാളി വ്യാവസായിക മുതലാളിത്തത്തിന്റെ ലോകത്തിൽ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടവരിൽ ഒരാളാണ്.”

**ജർഗൻ കുസ്യാസ്കി (ജർമൻ സാമ്പത്തികചരിത്രകാരൻ)**

# ആധുനിക വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിട്ട പ്രശ്നങ്ങൾ

–മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ജോലിസമയം.

–കറഞ്ഞ കൂലി.

–അനാരോഗ്യകരമായ താമസസൗകര്യം.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരായി ഇന്ത്യയിലെ തൊഴിലാളികൾ നടത്തിയ സമരങ്ങൾ.

-ബോംബെയിലെ തുണിമിൽ തൊഴിലാളികൾ നടത്തിയ സമരം.

-കൽക്കത്തയിലെ ചണമിൽ തൊഴിലാളികളുടെ സമരം.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം

-ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത കലാപം. പ്രാദേശികമായി ഒതുങ്ങി നിൽക്കാതെ, ബ്രിട്ടീഷ് ഭരണത്തിൽ അസംതൃപ്തയായ രാജാക്കന്മാരും, കർഷകരും, സൈനികരും, കരകൗശല തൊഴിലാളികളും ഒന്നിച്ച് നടത്തിയ ഈ കലാപം ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം എന്നറിയപ്പെടുന്നു.

BIJU K T, HST SS, GHSS TUVVUR, MALAPPURAM. 9895695437

# കാരണങ്ങൾ

-സൈനികരുടെ അസംതൃപ്തി.

-രാജാക്കന്മാരുടെ അസംതൃപ്തി.

-കർഷകരുടെ ദുരിതം.

-കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# സൈനികരുടെ അസംതൃപ്തി

-തുച്ഛമായ ശമ്പളം.

-ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട അവഹേളനം.

-പശുവിന്റെയും പന്നിയുടെയും കൊഴുപ്പു പുരട്ടിയതെന്ന് കരുതുന്ന മതവികാരം വ്രണപ്പെടുത്തിയ തിര ഉപയോഗിച്ച് പുതിയ എൻഫീൽഡ് തോക്ക് ഉപയോഗിക്കാൻ സൈനികരെ നിർബന്ധിപ്പിച്ചത്.

-ബംഗാളിലെ ബാരക്ക്പൂരിൽ മംഗൽ പാണ്ഡെ എന്ന സൈനികൻ പുതിയ തിര ഉപയോഗിക്കാൻ നിർബന്ധിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥനനേരെ വെടിയുതിർത്തതോടെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചു.

# രാജാക്കന്മാരുടെ അസംതൃപ്തി.

-ദത്തവകാശ നിരോധന നിയമത്തിലൂടെ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർപിടിച്ചെടുത്തത്.

-ദുർഭരണം ആരോപിച്ച് നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857-ലെ കലാപത്തിലെആദ്യത്തെ രക്തസാക്ഷി




**മംഗൽ പാണ്ഡെ**

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ



ബഹദൂർഷാ രണ്ടാമൻ - ഡൽഹി

BIJU KK, MALAPPURAM, TUVVUR,

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ



റാണിലക്ഷ്മിഭായി - ഝാൻസി

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ



ബീഗം ഹസ്റത് മഹൽ – ലക്നൗ

BIJU KK, HST SSHSS TUVVUR, MALAPPURAM 9895695437

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ




നാനാ സാഹേബ്

കാൺപൂർ



താന്തിയാതോപ്പി

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ



ഫൈസാബാദ് - മൗലവി അഹമ്മദുള്ള

BIJU KK, HST SS TUVVUR, MALAPPURAM

# 1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ

ബഹദൂർഷാ രണ്ടാമൻ -ഡൽഹി,

റാണിലക്ഷ്മിഭായി – ഝാൻസി,

ബീഗം ഹസ്റത് മഹൽ-ലക്നൗ,

നാനാ സാഹേബ്, – കാൺപൂർ

താന്തിയാതോപ്പി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ സവിശേഷതകൾ

-രാജാക്കൻമാർ, ശിപായിമാർ, കർഷകർ, കരകൗശല തൊഴിലാളികൾ, സാധാരണക്കാർ എന്നിവരുടെ പങ്കാളിത്തം

-ഹിന്ദു -മുസ്ലിം ഐക്യം.

-ഡൽഹി പിടിച്ചെടുത്ത കലാപകാരികൾ ബഹദൂർ ഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു.

-ബ്രിട്ടീഷുകാരെയും കൊള്ളപ്പലിശക്കാരെയും ആക്രമിച്ചു.

-കണക്കു പുസ്തകങ്ങൾ തീയിട്ടു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# 1857-ലെ കലാപത്തിന്റെ ഫലങ്ങൾ

-ലക്ഷക്കണക്കിന് കലാപകാരികൾ കൊല്ലപ്പെട്ടു.
-ബ്രിട്ടീഷുകാർ കലാപത്തെ പൂർണമായും അടിച്ചമർത്തി.
-ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കയ്യിൽ നിന്നും ബ്രിട്ടീഷ് ഗവണ്മെന്റ് ഏറ്റെടുത്തു.
-സാമ്പത്തിക ചൂഷണം ശക്തമായി.
-24 വൻ ക്ഷാമങ്ങളിലായി 2 കോടിയോളം ആളുകൾ മരണപ്പെട്ടു.

BIJU KK, HST SS GHSS TUVVUR, MALAPPURAM. 9895695437







ALL THE BEST

By

BIJU K K, GHSS TUVVUR
MALAPPURAM
9895695437, 8075512478

BIJU K K, HST SS, GHSS TUVVUR,
MALAPPURAM. 9895695431